# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 317 — 14.03.2017-ൽ മറുപടിയ്ക്ക്

### ആയുർവേദ നഴ്സുമാരുടെ ജോലി സമയം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭാരതീയ ചികിത്സാ വകുപ്പിലും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം വ്യക്തമാക്കുമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിലെ നഴ്സുമാരുടെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണിവരെയും നൈറ്റ് ഡ്യൂട്ടി വൈകുന്നേരം 6 മണിമുതൽ അടുത്ത ദിവസം രാവിലെ 8 മണിവരേയുമാണ്.<br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സുമാരുടെ ജോലി സമയം രാവിലെ 8 മണിമുതൽ വൈകുന്നേരം 5 മണിവരേയും, നൈറ്റ് ഡ്യൂട്ടി വൈകുന്നേരം 5 മണിമുതൽ അടുത്ത ദിവസം രാവിലെ 8 മണിവരേയുമാണ്. |
| (ബി) | പ്രസ്തുത വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയത്തെ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഐ.എസ്.എം. ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. ആയുർവേദ നേഴ്സുമാരുടെ ജോലിസമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ പരിഹാരമുണ്ടാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. |
| (സി) | ഇതു സംബന്ധിച്ച് ഐ.എസ്.എം. ഡയറക്ടർ മനുഷ്യാവകാശ കമ്മീഷന് നൽകിയ മറുപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | നേഴ്സുമാർക്ക് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തിക സൃഷ്ടിക്കുന്ന ഇനത്തിലും സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് നൽകുന്ന ഇനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഭാരതീയ ചികിത്സാ വകുപ്പിലേയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നേഴ്സുമാരുടെ ജോലി സമയം 3 ഷിഫ്റ്റ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ലായെന്ന വിവരം മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം എട്ടുമണിക്കൂറായി ക്രമീകരിക്കുന്നതിനുള്ള തടസ്സം എന്താണ്; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | അനുവദിച്ചിട്ടുള്ള തസ്തികകളുടെ അപര്യാപ്തതയാണ് കാരണം. പരിഹരിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ